**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2826** **06-10-2025 - ൽ മറുപടിയ്ക്ക്**

**പുതിയ ചെറുതുറമുഖങ്ങൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന തുറമുഖങ്ങളിൽ നിലവിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ബേപ്പൂർ തുറമുഖത്തിന്റെ ആഴം കൂട്ടൽ, ബേപ്പൂർ അഡീഷണൽ വാർഫ് നിർമ്മാണം, കൊല്ലം തുറമുഖത്തിന്റെ ആഴം കൂട്ടൽ എന്നീ പ്രവൃത്തികൾ സാഗർമാല പദ്ധതിയിലൂടെ കേന്ദ്ര സഹായത്തോടു കൂടി നടപ്പിലാക്കുവാൻ പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. പാരിസ്ഥിതിക ആഘാത അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്രസർക്കാരിൽ നിന്ന് 50% സാമ്പത്തിക സഹായം നേടി പദ്ധതി നടപ്പിലാക്കുന്നതാണ്. വലിയതുറ, കൊല്ലം, കോഴിക്കോട്, പൊന്നാനി എന്നീ തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കുന്ന തിനായി താല്പര്യ പത്രം ക്ഷണിക്കുകയും, തുടർന്ന് ടെൻഡർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. ചെറുകിട ഇടത്തരം തുറമുഖങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തി കണ്ടെയ്നർ സർവീസ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഈ മേഖലയിലെ ഓപ്പറേറ്റേഴ്സ്മാരുമായും ആവശ്യമായ ചരക്ക് ഉറപ്പാക്കുവാൻ വാണിജ്യ സംഘടനകളുമായും, വ്യക്തികളുമായും ചർച്ചകൾ നടത്തി വരുന്നു. കേരളത്തിലെ 17 നോൺ മേജർ തുറമുഖങ്ങളിൽ നാലു തുറമുഖങ്ങളിൽ ചെറുതും ഇടത്തരവുമായ കപ്പലുകൾ അടുക്കാൻ വേണ്ട എല്ലാ പശ്ചാത്തല സാകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ മൂന്ന് തുറമുഖങ്ങൾക്ക് ഇൻറർനാഷണൽ മാരിടൈം ഓർഗനൈസേഷൻ അനുശാസിക്കുന്ന ഐ.എസ്.പി.എസ് കോഡ് കാംപ്ലയൻസ് സർട്ടിഫിക്കറ്റും, എമിഗ്രേഷൻ നടത്താൻ കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്റ്റാറ്റസും നേടിയെടുത്തിട്ടുണ്ട്. അഴീക്കൽ തുറമുഖത്തിനും ഐസിപി സ്റ്റാറ്റസ് നേടിയെടുക്കാൻ ഊർജിതമായ ശ്രമങ്ങൾ നടത്തിവരുന്നു. മാരിടൈം മേഖലയെ വേണ്ട സ്വകാര്യ നിക്ഷേപത്തോടെ കൂടുതൽ |

| | | | |
|---|---|---|---|
| | | | വികസിപ്പിക്കുവാനായി ബോർഡിന്റെ കീഴിലുള്ള നാലു നോൺ മേജർ തുറമുഖങ്ങളിലും സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിച്ച് കൂടുതൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |
| (ബി) | പുതിയ ചെറുതുറമുഖങ്ങൾ ആരംഭിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | സംസ്ഥാനത്ത് തുറമുഖ ഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുള്ള 13 പ്രദേശങ്ങൾ കൂടി നിലവിലുണ്ട്. ഇവയിൽ പൊന്നാനിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ (പി പി പി മാതൃക) പുതിയ തുറമുഖ വികസന സാധ്യത പരിശോധിക്കുവാൻ താല്പര്യപത്രം ക്ഷണിച്ചുവെങ്കിലും ആരും തന്നെ പങ്കെടുത്തില്ല. അഴീക്കലിൽ നിലവിലുള്ള നോൺ മേജർ തുറമുഖത്തിന് പുറമെ പി.പി.പി മാതൃകയിൽ മലബാർ പോർട്ട് & എസ് ഇ ഇസഡ് പുതുതായി നിർമ്മിക്കുവാനുള്ള പദ്ധതി നിലവിലുണ്ട്. മറ്റേതെങ്കിലും തുറമുഖ ഭൂമിയിൽ തുറമുഖ നിർമാണം നടത്തുവാൻ സ്വകാര്യ സംരംഭകർ മുന്നോട്ട് വന്നാൽ അക്കാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ് |

സെക്ഷൻ ഓഫീസർ